സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്നു

CREATION PROCLAIMS THE GLORY OF GOD

യെശയ്യാവ് 40: 21-31

സങ്കീർത്തനങ്ങൾ: 19

വെളിപ്പാട് 21: 1-8

ലൂക്കോസ് 8: 22-25

The essential methodology to praise God is to become aware of His creation in person. ദൈവത്തെ അറിയുവാനുള്ള പ്രാഥമിക മാർഗം അവന്റെ സൃഷ്ടിയെ അടുത്തറിയുക എന്നതാണ്. പ്രകൃതിയുടെ മടിത്തട്ടിലൂടെ സഞ്ചരിക്കുന്ന ഓരോ വ്യക്തിക്കും സൃഷ്ടിയുടെ മഹത്വം ദർശിക്കാനാകും. സൃഷ്ടി ദൈവത്തിന്റെ മഹത്വം വർണിക്കുന്നു എന്ന് പറയുവാൻ കാരണം എല്ലാ സൃഷ്ടിയുടെയും നിലനിൽപ് ഭദ്രമാക്കിയാണ് സൃഷ്ടി പൂർത്തീകരിച്ചത്. അഥവാ കുറവുകൾ നീക്കിയാണ് ദൈവം അത് പൂർത്തീകരിച്ചത് എന്നുള്ളത്കൊണ്ടാണ്.

സൃഷ്ടിയുടെ ആറു ദിവസത്തെ നേട്ടങ്ങളെ അവലോകനം ചെയ്ത ദൈവം, 'അത് വളരെ നല്ലതാണ് (ഉൽപ 1:31) എന്ന ഉപസംഹാരത്തിലെത്താൻ കാരണം അത് മനുഷ്യനും പ്രകൃതിക്കും ഒരുപോലെ നല്ലതായിരിക്കും എന്ന ദൈവത്തിന്റെ പ്രതീക്ഷയിലാണ് അത് സൃഷ്ടിച്ചത് എന്നതിനാലാണ്. ദൈവം നല്ലത് എന്ന് കണ്ട കാര്യങ്ങൾ മനുഷ്യർ വികലമാക്കുന്നത് ദൈവം ആഗ്രഹിക്കുന്നില്ല.

ഷെർലക് ഹോംസിനെയും അദ്ദേഹത്തിന്റെ സുഹൃത്ത് ഡോ. വാട്സനെയും കുറിച്ച് ഒരു കഥയുണ്ട്. അവർ ഒരു വനത്തിൽ ക്യാമ്പിങ്ങിനു പോയി. രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഹോംസ് വാട്സനെ നോക്കി പറഞ്ഞു; ''വാട്സൺ, ആകാശത്തേക്ക് നോക്കി നിങ്ങൾ കാണുന്നതെന്താണെന്ന് എന്നോട് പറയുക.'' ''ഞാൻ ദശലക്ഷക്കണക്കിനു നക്ഷത്രങ്ങളെ കാണുന്നു'' എന്ന് വാട്സൺ പറഞ്ഞു. ഹോംസ് പറഞ്ഞു; ''അത് എന്താകാം നമ്മോടു പറയുന്നത വാട്സൺ ഇങ്ങനെ പറഞ്ഞു; ''ജ്യോതിശാസ്ത്രപരമായി, ദശലക്ഷക്കണക്കിന് താരാപഥങ്ങളും കോടിക്കണക്കിന് ഗ്രഹങ്ങളുമുണ്ടെന്ന് ഇത് എന്നോട് പറയുന്നു. ദൈവശാസ്ത്രപരമായി, ദൈവം വലിയവനാണെന്നും നാം ചെറുതും നിസ്സാരവുമാണെന്നും ഇത് നമ്മോടു പറയുന്നു. കാലാവസ്ഥാപരമായി, നാളെ നമുക്ക് മനോഹരമായ ഒരു ദിവസം ലഭിക്കുമെന്ന് അത് എന്നോട് പറയുന്നു..'' മനുഷ്യന്റെ ജീവിതത്തിന്റെ സമസ്ത മേഖലയ്ക്കും വിജയം പ്രദാനം ചെയ്യുന്ന തരത്തിലാണ് ദൈവം സൃഷ്ടി നടത്തിയത് എന്ന് വെളിവാക്കുന്നതാണ് ഈ വിവരണം. ലോകത്തുണ്ടായതും ഉണ്ടാകാനിരിക്കുന്നതും എല്ലാം ദൈവത്തിന്റെ സൃഷ്ടിയുടെ വിശാല പരിധിക്കുള്ളിലാണ് എന്നതാണ് നാം മനസ്സിലാക്കുന്നത്.

ഈ ചിന്തയ്ക്ക് ബലം പകരുന്ന ഒരു വാചകം ബൾബ് കണ്ടുപിടിച്ച തോമസ് എഡിസന്റേതായി ഞാൻ വായിച്ചു. ബൾബ് കണ്ടുപിടിച്ചതിനെ പ്രശംസിച്ചവരോടായി അദ്ദേഹം പറഞ്ഞു "My so-called inventions already existed in the environment", "I've created nothing. Nobody does." ബൾബ് കണ്ടുപിടിച്ചാലും പ്രകാശം നൽകിയവൻ ഞാൻ അല്ലല്ലോ എന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം എന്നേ വേണം കരുതുവാൻ. സൃഷ്ടി ദൈവത്തിന്റെ മനോഹരമായ സാക്ഷ്യമാണ് . കഠിനാദ്ധ്വാനിയായ ഒരാൾ അതിനെ പരിസ്ഥിതിയിൽ നിന്ന് വേർതിരിച്ചെടുക്കുന്നു എന്ന് മാത്രമേയുള്ളു.

നാം അധിവസിക്കുന്ന ഭൂമിയും അതിലെ നിവാസികളും ഈ തലമുറ ദർശിച്ചിട്ടില്ലാത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഈ പ്രതിസന്ധിക്കു പരിഹാരം ഉണ്ടോ എന്ന ചോദ്യം സ്വാഭാവികമാണ്. ദൈവസൃഷ്ടിയുടെ മഹത്വം വർണ്ണനാതീതമാണ്. അതിനാൽ സൃഷ്ടി അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങളും പ്രകൃതിയിൽ നിന്നുതന്നെ കണ്ടെത്തേണ്ടതായിട്ടുണ്ട്. ദൈവമഹത്വത്തിന് കോട്ടം വരാതെ ഓരോ സന്ദർഭങ്ങളിലും താൻ സൃഷ്ടിച്ചതിലൂടെ തന്നെ പ്രശ്ന പരിഹാരവും ദൈവം കണ്ടുപിടിച്ചറിയിക്കുന്നു എന്നാണ് നാം

വിവേചിച്ചറിയേണ്ടത്. മനോഹരമായി സൃഷ്ടിക്കപ്പെട്ട ഭൂമിയിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്ന നങ്ങൾ ഉണ്ടാകുവാൻകാരണമെന്തെന്നും, എന്തുകൊണ്ടാണ് പ്രതിസന്ധികളുടെ ചങ്ങലകൾ തന്നെ സൃഷ്ടിക്കപെടുന്നതെന്നും നാം ചിന്തിക്കേണ്ടതായിട്ടുണ്ട്.

സൃഷ്ടി എപ്രകാരം മുന്നോട്ടു പോകണമെന്ന് ദൈവത്തിനു കൃത്യമായ പദ്ധതിയുണ്ട്. ആ പദ്ധതിയിൽ മനുഷ്യന് പങ്കാളിത്തവുമുണ്ട്. എന്നാൽ ആ പദ്ധതിയിൽ മനുഷ്യർ തങ്ങളുടേതായ ശൈലികൾ സ്വാർത്ഥതയോടെ രൂപപ്പെടുത്തുമ്പോൾ ദൈവത്തിന്റെ നിയന്ത്രണ കരത്തിനപ്പുറമാകുന്നു കാര്യങ്ങൾ. അതാണ് ഈ കാലത്തിന്റെ ചുവരെഴുത്തുകൾ നമ്മെ അറിയി ക്കുന്നത്. ദൈവവും മനുഷ്യനും രണ്ടു ദിശയിലേക്കു പ്രകൃതിയെ കൊണ്ടുപോയാൽ സർവ്വ നാശം സംഭവിക്കുകയും അവന്റെ സൃഷ്ടിയുടെ മഹത്വം തമസ്കരിക്കപ്പെടുകയും ചെയ്യും.

ഒരു പരിധി വരെ ഇന്നത്തെ ഭൂമിയുടെ സകല അരക്ഷിതാവസ്ഥക്കും കാരണം രണ്ടു ദിശകളിലേക്കുള്ള യാത്രയാണ് (Journey to two different directions). ദൈവത്തിന്റെ ആത്യന്തിക പദ്ധതിക്കെതിരെയുള്ള മനുഷ്യപരിശ്രമം സൃഷ്ടിയുടെ മഹത്വത്തെയും സൃഷ്ടിതാവിനെയും നിരാകരിക്കലാണ്. അത്തരം സന്ദർഭങ്ങളിൽ സൃഷ്ടിതാവിന്റെ മഹത്വത്തെ നിരാകരിക്കേണ്ടിവരും എന്ന് മാത്രമല്ല സൃഷ്ടിതാവിന്റെ അസ്തിത്വംതന്നെ ചോദ്യം ചെയ്യപ്പെട്ടേക്കാം. സൃഷ്ടിയുടെ മകുടമായി ദൈവം ദർശിച്ച മനുഷ്യന്റെ നിലനിൽപ്പ് സൃഷ്ടിയാൽതന്നെ ചോദ്യം ചെയ്യപ്പെട്ടാൽ അത് സൃഷ്ടിതാവിനോടുള്ള വെല്ലുവിളിയാണ്. Human Ecology and Natural Ecology എന്ന രണ്ടു ധാരകൾ സൃഷ്ടിക്കപ്പെട്ടതുമൂലം സൃഷ്ടി വികലമാക്കപ്പെടുന്നു.

പോപ്പ് ഫ്രാൻസിസ് പറയുന്നത് ശ്രദ്ധേയമാണ്; ''തൃപ്തികരമായ നരവംശ ശാസ്ത്രമില്ലാതെ പരിസ്ഥിതി ശാസ്ത്രം ഉണ്ടാകാൻ പാടില്ല'' (There can be no Ecology without an adequate Anthropology). മനുഷ്യനെയും അവന്റെ നിലനിൽപ്പിന്റെ ആവശ്യങ്ങളെയും മനസ്സിലാക്കാൻനാം ദൈവവഴിയിൽ സഞ്ചരിക്കേണം. ദൈവദിശയിലൂടെയുള്ള യാത്ര മാത്രമേ സൃഷ്ടിതാവിന്റെ മഹത്വം നിലനിർത്താൻ ഉപകരിക്കുകയുള്ളൂ. സൃഷ്ടിയുടെ മഹത്വത്തിന്റെ തുടർ മാനം അനുഭവമാക്കുവാൻ ചില ബോധ്യങ്ങൾ അനിവാര്യമാണ്.

അതിലൊന്ന്, We are called not to discard the original or to create brand new but to maintain the created. പ്രഥമമായത് ഉപേക്ഷിക്കാനോ പുതിയത് സൃഷ്ടിക്കാനോ അല്ല, മറിച്ച് സൃഷ്ടിച്ചവ തനിമ ചോരാതെ നിലനിർത്താനും ഓരോ കാലത്തു ദൈവം നൽകുന്ന അറിവുകൾ കൂട്ടിച്ചേർക്കു വാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നതെന്ന ബോധ്യമാണ്.

ദൈവം സൃഷ്ടിച്ച ഭൂമിയെയും അതിലുള്ളതിനേയും ഒരു പരിധിവരെ മനുഷ്യന്റെ നിയന്ത്രണത്തച്ചന്റ കൊണ്ടുവരാൻ കഴിഞ്ഞേക്കാം, എന്നാൽ വിജയിക്കില്ല. കാരണം, ദൈവത്തിനു സൃഷ്ടിയിൽ സ്വാർത്ഥതയില്ലായിരുന്നു. നമ്മുടെ ശ്രമങ്ങൾ സ്വാർത്ഥപൂരിതമാണ്. ദൈവം നൽകിയതിന്റെ പരിപോഷണം ആത്യന്തികമായി സമാധാനം വാഗ്ദാനം ചെയ്യുമ്പോൾ ദൈവത്തെ അവഗണിച്ചുകൊണ്ടുള്ള കണ്ടുപിടുത്തങ്ങൾ പൂർണമായും അസമാധാനമാണ് വാഗ്ദാനം ചെയ്യുന്നത്. മഹാമാരി ഉളവായ ഇടം എന്ന് വിശ്വസിക്കപ്പെടുന്ന വുഹാനിലെ പ്രതിഭാസത്തെപ്പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട ചൈനീസ് വൈറോളജിസ്റ് Dr. Li-Meng Yan ഒരുബ്രിട്ടീഷ് ടോക്ക് ഷോയിൽ പറഞ്ഞത് പ്രസ്താവനീയമാണ്; ''പുതിയ കൊറോണ വൈറസ് പ്രകൃതിയിൽനിന്നുള്ള തല്ല മറിച്ച്, വുഹാനിലെ ചൈനീസ് സർക്കാർ നിയന്ത്രിക്കുന്ന ഒരു ലബോറട്ടറിയിൽനിന്നാണ്.'' ഈ വെളിപ്പെടുത്തൽ നടത്തിയത് 2020 ഒക്ടോബർ 20 നായിരുന്നു.ഇത് വെളിവാക്കുന്നത് ഇന്ന് ലോകം അഭിമുഖീകരിക്കുന്ന മഹാമാരി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല മറിച്ചു മനുഷ്യന്റെ സ്വാർത്ഥപൂരിതമായ ബുദ്ധിയിൽനിന്നും ഉളവായതാണെന്നാണ്. മനുഷ്യന്റെ ബുദ്ധിനാശ ത്തിലേക്കും ദൈവത്തിന്റെ സൃഷ്ടിയുടെ പരിപാലനം ആത്യന്തികമായ സന്തോഷത്തിലേക്കും മനുഷ്യവർഗ്ഗത്തെയും ലോകത്തെയും നയിക്കും എന്ന് നാം മനസ്സിലാക്കേണ്ടതായുണ്ട്.

അറ്റൊരു ബോധ്യം നാം ഇന്ന് വായിച്ച സുവിശേഷഭാഗത്തിലൂടെയാണ് വെളിവാക്കപ്പെടുന്നത്. God's core concern is in the goodness and ultimate protection of human and God will fulfil it in our essential circumstances. മനുഷ്യന്റെ നന്മയും ആത്യന്തിക സംരക്ഷണവുമാണ് ആത്യന്തിക

ദൈവീക താല്പര്യം. നമ്മുടെ അവശ്യ സന്ദർഭങ്ങളിൽ ദൈവം അത് നിർവഹിക്കും. ഭൂമിയെ സൃഷ്ടിച്ച ദൈവത്തിന് അതിലെ കാറ്റിനെയും തിരമാലകളെയും ശാന്തമാക്കുവാൻ കഴിയും. സൃഷ്ടിയിന്മേൽ അധികാരമുള്ളതിനാൽ അവരുടെ നിലനില്പിനെക്കുറിച്ചു മനുഷ്യർ ആശങ്കപ്പെടേണ്ടതില്ല, മറിച്ച് ദൈവം നൽകുന്ന ബുദ്ധി പ്രയോഗിച്ചാൽ മതി. ജലത്തിന്മേൽ പരിവർത്തിച്ച ദൈവം എന്ന പഴയനിയമ സത്യം വീണ്ടും ഉദ്ബോധിപ്പിക്കപ്പെടുന്നു. തകർച്ചയുടെ താഴ്വരയിൽ പുതുക്കത്തിന്റെ പുതു പുലരി ദൈവം തരും .

മനുഷ്യന്റെ നന്മ ലക്ഷ്യമാക്കാതെയുള്ളതും മനുഷ്യ കേന്ദ്രീകൃതമല്ലാത്തതുമായ കണ്ടുപിടുത്തങ്ങൾ ഉളവാക്കുന്ന ദുരിതം വിവരണാതീതമാണ്. അങ്ങേക്കരയിലേക്കു പോകുവാൻ വിളിക്കപ്പെട്ടവർ സ്വയം മുങ്ങിച്ചാകും എന്ന് ഭയന്ന് വിലപിക്കുന്നത് അതിനാലാണ്. കാരണം ഭയം അവരാൽ സൃഷ്ടിച്ചതാണ്. ദൈവത്തെക്കാൾ "സ്വയം" അവരിൽ വളർന്നതാണ് കടലിലെ തിരമാലകളാൽ അവർ ഭയന്ന് പോകുവാൻ കാരണം. Creator will not make environmental harm to the poor എന്ന ബോധ്യം നമുക്കാവശ്യമാണ്. നാം അക്കരക്കു പോക എന്ന് ക്രിസ്തു പറഞ്ഞു എങ്കിൽ അക്കരെ എത്തിക്കാനുള്ള ബാധ്യത അവനുണ്ട് എന്നും ഭൂമിയിൽ സൃഷ്ടിക്കുണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ അവനു കഴിയും എന്നും നാം വിശ്വസിക്കണം. വെളിപ്പാട് പുസ്തകം പരിചയപ്പെടുത്തുന്ന പുതിയ ആകാശവും പുതിയ ഭൂമിയും കരഗതമാക്കാതെ നാം വഴിയിൽ വീണുകൂടാ.

സൃഷ്ടിയുടെ മനോഹാരിതയും സൃഷ്ടിയിലൂടെയുള്ള അനുഗ്രഹങ്ങളും ദൈവത്തിന്റെ മഹത്വമാണ് വിളിച്ചറിയിക്കുന്നത്. ദൈവമഹത്വം വർണ്ണിക്കാൻവേണ്ടിയാണു സൃഷ്ടികളെ രൂപകൽപ്പന ചെയ്തിരിക്കുന്നത്പോലും. മനുഷ്യൻ മാത്രമല്ല, ദൈവം സൃഷ്ടിച്ചതെല്ലാം അവന്റെ മഹത്വത്തിനുവേണ്ടിയായിരുന്നു. ആകാശം പോലും ദൈവത്തിന്റെ മഹത്വം പ്രഖ്യാപിക്കുന്നുവെന്ന് 19-ാ സങ്കീർത്തനം പറയുന്നു.

Dr. Jerry Morrisse -യുടെ ഒരു പ്രസംഗം ഞാൻ കേട്ടു. ആ പ്രസംഗത്തിന്റെ തലക്കെട്ട് "'Ecology', Is Really A Matter Of Morality" എന്നതായിരുന്നു. "പരിസ്ഥിതി വിജ്ഞാനീയം, ശ രിക്കും ധാർമ്മികതയുടെ ഒരു കാര്യമാണ്". ചില ധാർമ്മിക മര്യാദകൾ നാം പാലിക്കേണ്ടതായിട്ടു ണ്ട്. ഒരുപക്ഷെ ബൈബിൾ നൽകുന്ന പാരിസ്ഥിതിക നിർദേശത്തിലെ കല്പനയാണ് നാം പാലിക്കേണ്ടതായ പാരിസ്ഥിതിക സംരക്ഷണം. പരിസ്ഥിതി സംരക്ഷണത്തിനായുള്ള താല്പര്യം ഒരു മഹത്വ വർണ്ണനയാണ്.

സൃഷ്ടിയുടെ മഹത്വ വർണന ഒരു അനിവാര്യതയാണ്. കാരണം സൃഷ്ടി ഒരു സക്രമന്താണ്. Creation is a sacrament of God. സൃഷ്ടി സക്രമന്താണെന്ന് പറയാൻ കാരണം സാക്രമെന്ത് എന്ന വാക്കിന്റെ അർത്ഥ വ്യാപ്തിയാണ്. A sacrament is something which has an everlasting value. നിത്യമായ ഒരു മൂല്യത്തിലാണ് സൃഷ്ടിക്കപ്പെട്ടതെങ്കിൽ അതിനെ തകർച്ചയിൽ നിന്ന് വീണ്ടെടുക്കാനും ആ ദൈവത്തിനു പദ്ധതിയും കഴിവുമുണ്ട്. തന്റെ സൃഷ്ടിയുടെമേൽ മനുഷ്യർക്ക് ആധിപത്യം നല്കിയപ്പോഴും ദൈവം തന്റെ നിഷേധാധികാരം (veto) നിലനിർത്തിയതിനാൽ ഏതു പ്രതിസന്ധിക്കും കാലാനുസൃതമായ പരിഹാരവും ദൈവത്തിന്റെ പക്കൽ ലഭ്യമാണ്. അതാ ണ് സൃഷ്ടിയുടെ മഹത്വവും.

ഫ്രാൻസിസ് മാർപാപ്പയുടെ രണ്ടാമത്തെ വിജ്ഞാനകോശമാണ്, 'Laudato Si'. ഈ വിജ്ഞാനകോശത്തിന് 'ഞങ്ങളുടെ പൊതുഭവനത്തെ പരിപാലിക്കുക (On Care for Our Common Home) എന്ന ഉപശീർഷകമുണ്ട്. അതിൽ, മാർപ്പാപ്പ ഉപഭോക്തൃത്വത്തെയും നിരുത്തരവാദപരമായ വികസനത്തെയും വിമർശിക്കുകയും പാരിസ്ഥിതിക തകർച്ചയെയും ആഗോള താപനത്തെയുംകുറിച്ച് വിലപിക്കുകയും ലോകത്തെ എല്ലാത്തരം ജനങ്ങളും 'വേഗത്തിലും ഏകീകൃതവുമായ ആഗോള നടപടി' (rapid and unified global action) സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. കാരണം മഹത്വമേറിയ സൃഷ്ടിക്ക് അനിത്യമായ ഒരു മൂല്യമുണ്ട് എന്നും എല്ലാക്കാലത്തും. മാർപ്പാപ്പ ഇങ്ങനെ പറയുന്നു, "ഭൂമിയിലെ എല്ലാം ഒന്നിനൊന്നു ബന്ധപ്പെട്ടു കിടക്കുക്കുന്നു. അതുകൊണ്ടു സഹമനുഷ്യരോടുള്ള ആത്മാർത്ഥമായ

സ്നേഹവും സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയും ആകണം നമ്മുടെ പരിസ്ഥിതിയെക്കുറിച്ചുള്ള താല്പര്യത്തിനാധാരം."

സൃഷ്ടിക്കപ്പെട്ടവരായ നാം സൃഷ്ടിയുടെ മഹത്വത്തെ വർണിക്കാൻ ബാധ്യത ഉള്ളവരാണ്. Bernhard W. Anderson പറഞ്ഞതുപോലെ……"." സൃഷ്ടാവിന്റെ ഭൂസ്വത്ത് കൈകാര്യം ചെയ്യാൻ അധികാരമുള്ള ദൈവത്തിന്റെ പ്രതിനിധികളാണ് മനുഷ്യർ (human beings are God's representatives, entitled to manage the Creator's earthly estate.) പഴയനിയമ കാലവാസികൾ സൃഷ്ടിയുടെ മഹത്വവും സൃഷ്ടിയിലൂടെ ദൈവം പ്രതീക്ഷിക്കുന്നതും കണ്ടറിഞ്ഞു ജീവിക്കാൻ ബോധമുള്ളവർ ആയിരുന്നു. പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് ഗൗരവമേറിയ മനുഷ്യ പ്രതിബദ്ധത ആവശ്യമാണ് എന്നവർക്ക് ബോധ്യമുണ്ടായിരുന്നു എന്ന് മാത്രമല്ല സൃഷ്ടി വഴി സൃ ഷ്ടിതാവിനും ബഹുമാനം കൊടുത്തവരും ആയിരുന്നു. ദൈവത്തിനു സൃഷ്ടിയിന്മേലുള്ള അധികാ രത്തെയും പരമാധികാരത്തെയും കുറിച്ച് ചിലതു യെശയ്യ പ്രവാചകൻ നാല്പതാം അധ്യായത്തിൽ വിവരിക്കുന്നുണ്ട്.

01. <u>അത്യുജ്വലമായ സൃഷ്ടിക്ക് പിന്നിൽ പ്രവർത്തിച്ച വിവേകമുള്ള കലാശില്പ സംവിധായകൻ ദൈവമാണ് (God is the sensible designer who worked behind the brilliant creation)</u>

ഭൂമിയുടെ മഹത്തായ രൂപകൽപ്പനയ്ക്ക് പിന്നിൽ ഒരു വിവേകമുള്ള കലാശില്പ സംവിധായകൻ ഉണ്ട്. യെശയ്യാവ് 40:22 പറയുന്നു; "അവൻ ഭൂമണ്ഡലത്തിന്മീതെ അധിവസിക്കുന്നു; അതിലെ നിവാസികൾ വെട്ടുക്കിളികളെപ്പോലെ ഇരിക്കുന്നു; അവൻ ആകാശത്തെ ഒരു തിരശ്ശീലപോലെ നിവർക്കുകയും പാർപ്പാനുള്ള ഒരു കൂടാരത്തെപ്പോലെ വിരിക്കയും.."എന്ന വിവരണം ദൈവമഹത്വ അംഗീകാരമാണ്.

ജർമ്മൻ ദൈവശാസ്ത്രജ്ഞൻ Meister Eckhart എഴുതി; "ഓരോ സൃഷ്ടിയും ദൈവനിബിഡമാണ്. സൃഷ്ടി ദൈവത്തെക്കുറിച്ചുള്ള പുസ്തകവുമാണ്. എല്ലാ സൃഷ്ടികളും ദൈവവചനമാണ്. ഏറ്റവും ചെറിയ ജീവിയായ ഒരു ചിത്രശലഭ പുഴുവിനോടൊപ്പം ഞാൻ സമയം ചെലവഴിക്കുകയാണെങ്കിൽ, എനിക്ക് ഒരിക്കലും ഒരു പ്രസംഗംപോലും തയ്യാറാക്കേണ്ടി വരില്ല". ദൈവത്തിന്റെ കരവിരുതിന്റെ മനോഹാരിത അത്ര ഗംഭീരമാണ് എന്ന് മാത്രമല്ല എല്ലാ സൃഷ്ടികളിലും ആ കരവിരുത് ദൃശ്യവുമാണ്." ഐറിഷ് ബൈബിൾ പണ്ഡിതനായ J. Alec Motyer പറയുന്നത്; "സൃഷ്ടിയുടെ ഭൗതീക വസ്ത്രങ്ങൾ സൃഷ്ടാവിന്റെ നേരിട്ടുള്ള കലാസൃഷ്ടിയാണ്." (Physical fabric of creation is a direct artefact of the Creator) എന്നാണ്.

ഭൂമിയുടെ വലയത്തിനു മുകളിൽ ഇരിക്കുന്നവനായി (He who sits above the circle of the earth) ദൈവത്തെ വിശേഷിപ്പിക്കുമ്പോൾ യെശയ്യാവ് രസകരമായ ഒരു സത്യം നമ്മെ ബോധിപ്പിക്കുന്നു; ഭൂമിയുടെ ആകൃതി ഒരു വൃത്തമാണെന്ന ബോധ്യം. ഭൂമിയുടെആകൃതിഒരുവൃത്ത മാണെന്നബോധ്യം യെശയ്യാവിന് എങ്ങനെ അറിയാൻ കഴിഞ്ഞു? ഏതാണ്ട് 500 ബി.സിയിലാണ് ഭൂമി വൃത്താകൃതിയിലാണെന്ന് പൈതഗോറസ് അഭിപ്രായപ്പെടുന്നത്. അതിനു മുൻപേ യെശയ്യാവ് അത് പറഞ്ഞിരിക്കുന്നു എന്നതിന്റെ അർഥം മഹത്വങ്ങൾ അനവധിയുള്ള ഭൂമി ദൈവത്തിന്റെ കരവിരുതാണ് എന്നതല്ലേ? അവന് എല്ലാ നക്ഷത്രങ്ങളെയും എണ്ണുവാനും പേരെടുത്ത് വിളിക്കുവാനും കഴിയും എന്ന് 26-ാം വാക്യം പറയുന്നു. Lift up your eyes on high and see who has created these stars എന്നാണ് ഇംഗ്ലീഷ് ബൈബിൾ രേഖ.

മലയാളം ബൈബിളിൽ നക്ഷത്രം എന്ന വാക്കുപയോഗിച്ചിട്ടില്ല എങ്കിലും അതിന്റെ മൂലഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നെതർലാൻഡിലെ വേദവാഖ്യതാവ് Harry Bulteman പറയുന്നു; "ജ്യോതി ശാസ്ത്രജ്ഞർ ഇപ്പോഴും നക്ഷത്രങ്ങളെ എണ്ണുന്നതിലും തരം തിരിക്കുന്നതിലും വ്യാപൃതരാണ്, എന്നാൽ ക്രിസ്തു അവയെ വിവരിക്കുകയും നിർണ്ണയിക്കുകയും കല്പന നല്കുകയും ചെയ്തിട്ടുണ്ട്. ".

ദൈവത്തിന്റെ ശക്തിയും മഹത്വവും സൃഷ്ടിയെക്കാൾ മാത്രമല്ല, ഭൂമിയിലെ ശക്തരായ മനുഷ്യരെക്കാളും ഉയരത്തിലാണ് എന്നാണെ് യെശയ്യാ പ്രവാചകൻ പറയുന്നത്. സൃഷ്ടികൾ സൃഷ്ടാവിനെ ഉയർത്താനാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. യെശയ്യാവു 43:7 പറയുന്നു; ''ദൈവം തന്റെ മഹത്വത്തിനായി നമ്മെ സൃഷ്ടിച്ചു.''

സന്യാസ സമൂഹങ്ങളുടെയും സന്യസ്തരുടെയും പിതാവാണ് വിഖ്യാതനായ വിശുദ്ധ ആന്റണി. ആദ്യകാല സന്യാസത്തിന്റെ ഏറ്റവും പ്രശസ്തനായ വ്യക്തിയായ വിശുദ്ധ ആന്റണി, സൃഷ്ടിയിലെ ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനെക്കുറിച്ച് ആഴത്തിൽ ധ്യാനിച്ചുകൊണ്ട് ഈജിപ്ഷ്യൻ മരുഭൂമിയിൽ ധ്യാനനിരതനായപ്പോൾ ധ്യാനനിമിഷങ്ങളിൽ പുസ്തകവായനക്കൊന്നും ആവശ്യമില്ലേ എന്ന ചോദ്യത്തിന് മറുപടി ഇതായിരുന്നു; ''സൃഷ്ടിക്കപ്പെട്ടവയുടെ സവിശേഷതയാണ് എന്റെ പുസ്തകം. അതിൽനിന്നും ഞാൻ തിരഞ്ഞെടുക്കുമ്പോൾ എനിക്ക് ദൈവവചനം വായിക്കാൻ കഴിയും''. 'പരിസ്ഥിതി ശ്രദ്ധയുള്ള ജീവിതശൈലി' (Environmentally-attentive lifestyle) ഈ കാലഘട്ടത്തിന്റെ ആവശ്യവും സൃഷ്ടിതാവിന്റെ മഹത്വത്തെ വർണിക്കുവാനുള്ള ശൈലിയുടെ രൂപപ്പെടലുമാണ്.

02. വേരുറപ്പിച്ചതും സൃഷ്ടിക്കപ്പെട്ടതും പിഴുതെറിയാൻ കഴിവുള്ള ഒരു തോട്ടക്കാരനാണ് ദൈവം (God is a planter who is able to uproot what is rooted and created)

നടുവാനും പറിച്ചു കളയുവാനും കഴിവുള്ളവനാണ് ദൈവം. ദൈവത്തിന്റെ ശക്തിയും മഹത്വവും സൃഷ്ടിയുടെമേൽ മാത്രമല്ല, ഭൂമിയിലെ മനുഷ്യരുടെമേലും ഉയർത്തപ്പെടുന്നു.

വാ:23 പ്രഭുക്കന്മാരെ ഇല്ലാതെയാക്കുകയും ഭൂമിയിലെ ന്യായാധിപന്മാരെ ശൂന്യമാക്കുകയും ചെയ്യുന്നു. Who reduces rulers to nothing?

വാ:24 അവരെ നട്ട ഉടനെ, അവരെ വിതെച്ച ഉടനെ അവർ നിലത്തു വേരൂന്നിത്തുടങ്ങിയ ഉടനെ അവൻ അവരുടെമേൽ ഊതി അവർ വാടിപ്പോകയും ചുഴലിക്കാറ്റുകൊണ്ടു താളടിപോലെ പാറിപ്പോകയും ചെയ്യുന്നു.

ചില വ്യക്തികൾക്കു രാഷ്ട്രീയ അധികാരമോ നിയമപരമായ അധികാരമോ ഉള്ളപ്പോൾ അവരെ ദേവന്മാരായി കരുതുന്നത് അവർക്ക് ഇഷ്ടവും സാധ്യവുമാണ്. ദൈവം അവരുടെമേൽ ഊതിയാൽ വാടിപ്പോകുന്നതേ ഉള്ളു അവരുടെ ആകെയുള്ള അസ്തിത്വം. ഇതാണ് യെശയ്യാവിലൂടെ ദൈവം നമ്മെ പഠിപ്പിക്കുന്നത്. നമ്മുടെ ജീവിതത്തിൽ ദൈവത്തിൽനിന്ന് മറഞ്ഞിരിക്കുന്നതോ ദൈവം അവഗണിക്കുന്നതോ ഒന്നും ഇല്ലെന്നും, എല്ലാ സൃഷ്ടിക്കുംമേൽ അധികാരമുള്ളവനും ദൈനംദിന ജീവിതത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുന്നവനും ആണ് അവൻ എന്നുമുള്ള ബോധ്യമാണ്. ദൈവത്തിന്റെ മഹത്വം നമുക്ക് മനസ്സിലാക്കിതരുന്നത്.

ഖുറാനിലെ 87-ാമത്തെ സൂറമാണ് സൂറ അൽ-ആൻബിയ (Surah Al-Anbiya). അവിടെ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു; 'ഇന്റെ രക്ഷിതാവ് ആകാശത്തും ഭൂമിയിലും പറയപ്പെടുന്നതെല്ലാം അറിയുന്നു. അവനാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും. 'സൃഷ്ടി ദൈവത്തിന്റെ മനോഹരമായ സാക്ഷ്യമാണ് എന്ന് നാം വിശ്വസിക്കണം (Creation is a beautiful testimony to God) ബ്രയാൻ ഇവാൻസ് പറയുന്നു; ''(സൃഷ്ടി ദൈവത്തിന്റെ ഇതിഹാസ ചിത്രപ്പണിയാണ്. ചിത്രലേഖനത്തുണിയിലെ ഭൂദൃശ്യത്തിൽനിന്നും വ്യത്യസ്തമായി, ദൈവത്തിന്റെ പെയിന്റിംഗ് ത്രിമാനവും ജീവനുള്ളതുമാണ്. നാം ആ ചിത്രപ്പണിയിലുണ്ട്. നാം അത് കാണുകയും നമ്മൾ കാണുന്ന കാര്യങ്ങൾക്ക് ഉത്തരവാദികളായിത്തീരുകയും ചെയ്യുന്നു.''

03. ബലമില്ലാത്തവന് ബലം കൊടുക്കുന്ന അപരിമിത ശക്തിയുള്ള ഭൂവുടമയാണ് ദൈവം (God is an omnipotent Lord who gives strength to the weak)

വാ: 29 അവൻ ക്ഷീണിച്ചിരിക്കുന്നവന് ശക്തി നലകുന്നു; ബലമില്ലാത്തവന ബലം വർധിപ്പിക്കുന്നു

വാ: 21-ൽ യെശയ്യാവ് ചോദിക്കുന്നു, നിങ്ങൾക്ക് അറിയില്ലേ? നിങ്ങൾ കേട്ടിട്ടില്ലേ? കർത്താവ് നിത്യദൈവമാണ് എന്നും, അവൻ ഭൂമിയുടെ അറ്റംവരെ വ്യാപിച്ചവൻ ആണെന്നും. (അത്

മോവാബ്യരുടെ ദൈവമായ കെമോഷ്, കനാന്യരുടെ ബാൽ അസീറിയക്കാരുടെ അശേരാ; നെബോ, അക്കു, മുതലായവരെപ്പോലെയും, ബാബിലോണിയൻ ദേവന്മാരിൽ ഒരാളെപ്പോലെയല്ല എന്നും,) ക്ഷീണിക്കുകയോ തളരുകയോ ചെയ്യാത്തവവനും, അവനെ കാത്തിരിക്കുന്നവരെ കഴുകന്മാരെപോലെ ചിറകടിച്ചുയർത്താൻ ശക്തിയുള്ളവനുമാണ് യഹോവ എന്നും. സൃഷ്ടിയുടെ കാരണഭൂതനായ യഹോവയെ ഒഴിച്ച്നിർത്തി ദൈവമല്ലാത്തവരെ ആരാധിക്കാനുള്ള മോഹം വളരെ ശക്തമായിരുന്നു ഇസ്രായേലിൽ. സമാനമാണ് നമ്മുടെ സ്ഥിതിയും. കണ്ടുപിടുത്തങ്ങളുടെ ദൈവങ്ങൾ (Gods of inventions) ഇവിടെയും വിലസുകയാണ്. എന്നാൽ അവരുടെ കണ്ടുപിടുത്തങ്ങളിലൂടെ സമൂഹ സംതുലിതാവസ്ഥയും സാമൂഹ്യജീവിതവും താളടിയാകുന്നു എന്നതാണ് ഇന്നിന്റെ സത്യം.

04. ദൈവം ഇപ്പോഴും കർമ്മോദ്യുക്തനല്ലയോ? (IS NOT GOD STILL ACTIVE?)

ദൈവം സൃഷ്ടിച്ചവർതന്നെ ഭൂമിയിൽ ഉളവാക്കിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും തന്റെ സൃഷ്ടികളെ സഹസൃഷ്ടാക്കളായി കണക്കാക്കി പരിഹാരം കണ്ടെത്താൻ പ്രചോദിപ്പിക്കുന്നതിലും പ്രോത്സാഹിപ്പിക്കുന്നതിലും ദൈവം ഇപ്പോഴും സജീവമാണ് എന്നതാണ് നമുക്ക് ഈ കാലം വെളിവാക്കിതരുന്നത്. (God is still active in inspiring and encouraging His creations, to find solutions for the problems procreated by the created, considering them as co-creators). COVID-19 മഹാമാരി ഒരു വലിയ ആഗോള പ്രതിസന്ധി സൃഷ്ടിച്ചു കൊണ്ടിരിക്കുന്നു. ഇത് ആഗോള സമൂഹത്തിൽ ഉണ്ടാക്കിയ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രത്യാഘാതങ്ങങ്ങൾ 1918 –ലെ ഇൻഫ്ളുവൻസ മഹാമാരി ഉളവാക്കിയതിനേക്കാൾ മാരകമാണ്. COVID - 19 മഹാമാരിക്കു ശേഷമുള്ള ലോകം വളരെ വ്യത്യസ്തമായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല. മനസ്സിലാക്കുന്നതിലും അത് ഉണ്ടാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

മനുഷ്യപരിണാമ കാലത്തും മനുഷ്യ നാഗരികതയുടെ ചരിത്രത്തിലും ഇത്തരം സംഭവങ്ങൾ പല തവണ സംഭവിച്ചട്ടുണ്ട്. ഒരിടത്തു ആരംഭിച്ചു കഴിഞ്ഞാൽ രാജ്യങ്ങൾ തമ്മിലുള്ള അടുത്ത ഗതാഗത ബന്ധങ്ങൾ രോഗം വ്യാപിക്കുന്നതിനെ ത്വരിതപ്പെടുത്തുന്നു, എന്ന് മാത്രമല്ല ആഗോള പാരിസ്ഥിതിക മാറ്റങ്ങൾ കാരണം ആ സംഭവങ്ങളുടെ ആവർത്തിയും അളവും (Frequency and quantity) വർദ്ധിക്കുന്നു എന്നതാണ് സത്യം.

പാരിസ്ഥിതിക നിയന്ത്രണങ്ങൾ വഴി മഹാമാരിയുടെ ദീർഘകാല പ്രതിരോധത്തെ മുന്നിൽകണ്ട് മെച്ചപ്പെട്ട രോഗനിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി ആരോഗ്യ സംവിധാനങ്ങളുമായി സമന്വയിപ്പിക്കുന്ന സമീപനങ്ങൾ വികസിപ്പിക്കേണ്ടത് അത്യാവശ്യമാണ് എന്നാണ് കാലം നൽകുന്ന സൂചന. അതിനായി സഹസൃഷ്ടാക്കൾ വഴി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് നാം തിരിച്ചറിയുക.

ദൈവം സൃഷ്ടിച്ച മനോഹര ഭൂമിയുടെ തനിമ നിലനിർത്താൻ ശാശ്വതപരിഹാരലക്ഷ്യ കേന്ദ്രീകൃത ഗവേഷണങ്ങൾ (Permanent solution-oriented research) അനിവാര്യമാണ്. മഹാമാരിയുടെ പ്രതിസന്ധികൾക്കിടയിലും നടന്നുവരുന്ന "പരിഹാരം അടിസ്ഥാനമാക്കിയുള്ള" (solution based) ഗവേഷണ പദ്ധതികൾക്ക് അടുത്ത വലിയ ദുരന്തം ഒഴിവാക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്താൻ കഴിയും, കാരണം അവൻ സൃഷ്ട്ടിച്ച ഭൂമികയിലെ ഓരോ വിഷയങ്ങളിലും സഹസൃഷ്ടാക്കൾ വഴി ഇടപെടുന്ന ദൈവം ഇന്നും സജീവ സാന്നിധ്യമാണ്. ദൈവം ഇപ്പോഴും തന്റെ സൃഷ്ടികൾക്കുവേണ്ടി അവന്റെ മഹത്വത്തിന് ഒരു കുറവും സംഭവിക്കാതെ സജീവമായി ഇടപെടുന്നു, തന്റെ സഹസൃഷ്ടാക്കൾ വഴി.

കൊറോണ വൈറസിന്റെ കടുത്ത സംക്രമണം കുറയ്ക്കുന്നതിന് നിലവിൽ സ്വീകരിക്കേണ്ട ശക്തമായ സമീപനം പെരുമാറ്റപരമാണ് (behavioral): കൈകഴുകൽ, ചുമ, തുമ്മൽ എന്നിവ മൂലം അത് മറ്റുള്ളവരിലേക്ക് പകരാതിരിക്കാൻ പരമ്പരാഗത ശുചിത്വ മുറകൾ, സർവോപരി സാമൂഹിക അകലം പാലിക്കുക. എന്താണിതിന്റെ അർത്ഥം? മനുഷ്യനിർമിതമായ മഹാമാരിക്കും അതു

വഴിയുള്ള ആഗോള പ്രതിസന്ധിക്കും ഇന്നും പ്രോത്സാഹിപ്പിക്കാവുന്ന പരിഹാരം മനുഷ്യനിൽ തന്നെ കുടിയടങ്ങിയിരിക്കുന്നു എന്നല്ലേ? ''ഭയമല്ല ജാഗ്രതയാണ് വേണ്ടത്''എന്ന് പറയുമ്പോൾ സൃഷ്ടിയിലൂടെ ദൈവം നൽകിയിട്ടുള്ള പരിഹാര മാർഗങ്ങളാണ് ഉചിതം എന്നല്ലേ?

05. ഒരുങ്ങിയിരിക്കുവാനുള്ളൊരു മുന്നറിയിപ്പ് (A Caution – To be prepared)

ഈ മഹാമാരിയുടെ കാലഘട്ടം മറ്റൊരു മുന്നൊരുക്കത്തിനായി നമ്മെ ബോധത്വക്കരിക്കുന്നു. വരാനിരിക്കുന്ന മറ്റൊരു ദുരിതത്തെ നേരിടാനുള്ള മുന്നൊരുക്കം. വന നശീകരണത്തിന്റെ അനന്തര ഫലമായി ഉണ്ടാകാൻ പോകുന്ന പ്രകൃതിദത്തമായ ഓക്സിജൻ ക്ഷാമത്തെ നേരിടാൻ എല്ലാവരും ഓക്സിജൻ ബാഗും തോളിലിട്ട് പോകുന്ന കാലം വിദൂരമല്ല എന്ന സാമൂഹ്യ അവസ്ഥ ഉണ്ടാകുമ്പോൾ ആ കാലത്തു നിലനിൽക്കാനുള്ള മുന്നൊരുക്കമല്ലേ ഇന്ന് നമ്മുടെ ഭൂരിഭാഗം രാജ്യങ്ങളും തത്രപ്പാടോടെ ക്രമീകരിക്കുന്ന ഓക്സിജൻ നിർമാണ-വിതരണ പ്രയത്നത്തിന്റെ പിന്നിൽ? ആഗോള തലത്തിൽ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ മൂലം മെഡിക്കൽ ഓക്സിജൻ ഉപയോഗിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. യൂറോപ്പിൽ 3.5 ദശലക്ഷം മനുഷ്യരുടെ ജീവൻ നിലനിർത്താൻതന്നെ മെഡിക്കൽ ഓക്സിജൻ ആവശ്യമാണ്, മനുഷ്യൻ വരുത്തിവച്ച ''വനനശീകരണ വിന''യിലൂടെ നഷ്ടപ്പെട്ട സമൃദ്ധമായ ഓക്സിജന്റെ കുറവിലൂടെയുണ്ടാകാൻ പോകുന്ന പ്രതിസന്ധിയിൽ പിടിച്ചുനിൽക്കാനുള്ള മുന്നൊരുക്കമായി ഇതിനെ കാണേണ്ടതുണ്ട് .

ഇന്ത്യയിൽ ഈ ദിവസങ്ങളിൽ അനേകരുടെ ജീവൻ പൊലിയുന്നതും ഓക്സിജൻ ക്ഷാമം മൂലമാ ണ് എന്ന് നമുക്കറിയാമല്ലോ. അതിന്റെ പരിണിത ഫലമായി സർക്കാരുകൾ പുതിയ ഓക്സിജൻ പ്ലാന്റുകളും സംവിധാനങ്ങളും ഉണ്ടാക്കിയെടുക്കുന്നു. ഇപ്പോൾ ഇന്ത്യയിൽ വീടുകളുടെ പ്ലാൻ അംഗീകരിക്കണമെങ്കിൽ മഴവെള്ള ശേഖരണ പ്ലാന്റുകൾ സ്ഥാപിച്ചേ മതിയാകൂ എന്ന് പറയുന്നതുപോലെ വരും നാളുകളിൽ യാത്രാവാഹനങ്ങളിലും, ഹോട്ടലുകളിലും, വീടുകളിലും ഓക്സിജൻ പ്ലാന്റ് നിർബന്ധമാകുന്ന കാലം വിദൂരമല്ല.

ഓക്സിജൻ സിലിണ്ടറുകൾ ഉപയോഗിക്കുന്നതിനുള്ള ഒരു ബദലാണ് ഓക്സിജൻ സാന്ദ്രീകരണം (Oxygen Concentrator). ഇപ്പോഴുള്ളതിനേക്കാൾ ഫലവത്തായി ചുറ്റുമുള്ള വായുവിൽനിന്ന് ശേഖരിച്ച് അതിനെ സാന്ദ്രീകരിച്ചു ഓക്സിജനെ പുനരുപയോഗിക്കുന്ന ഓക്സിജൻ സാന്ദ്രീകരണം സാധ്യമാകുന്ന കണ്ടുപിടുത്തങ്ങൾ യാഥാർഥ്യമാക്കാനുള്ള പ്രയത്നങ്ങളിലാണ് ശാസ്ത്രലോകം. ഈ ഓക്സിജൻ സാന്ദ്രീകരണ പദ്ധതിയുടെ പ്രത്യേകത അത് വീണ്ടും നിറക്കേണ്ട ആവശ്യമില്ല എന്നതാണ്. സൃഷ്ടിതാവ് ഇന്നും സൃഷ്ടിക്കുവേണ്ടിതന്റെ സഹസൃഷ്ടാക്കളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. വരാനിരിക്കുന്ന ഭീകര ദിനകൾക്കുള്ള മുന്നൊരുക്കത്തിന്കൂടി മഹാമാരിയെ ഉപയോഗിക്കുകയാണോ?

ഉപസംഹാരം

'നിലവിലെ പാരിസ്ഥിതിക പ്രതിസന്ധിക്ക് ക്രിസ്തുമതമാണ് ഉത്തരവാദിയെന്ന് അമേരിക്കൻ ചരിത്രകാരനായ Lynn Townsend White ആരോപിക്കുന്നു. ''ലോക വിഭവങ്ങളെ ചൂഷണം ചെയ്യുന്നതിനും അതിനെ ന്യായീകരിക്കുന്നതിനുള്ള ഒരു മാർഗം എന്ന നിലയിൽ ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണത്തിൽ കാണപ്പെടുന്ന ദൈവത്തിന്റെ പ്രതിച്ഛായ (image of god) എന്ന ആശയം കപടമായി ഉപയോഗിച്ചതാണു നിലവിലെ പാരിസ്ഥിതിക പ്രതിസന്ധിക്കു കാരണം എന്നാണ് Lynn ന്റെ ആരോപണം. കുന്നുകളും താഴ്വരകളും ഉൾപ്പടെ ദൈവം സൃഷ്ടിച്ചതൊന്നും ദൈവത്തിന്റെ രക്ഷാശക്തിയെ തടസ്സപ്പെടുത്തരുത് അവന്റെ മഹത്വത്തെ കുറച്ചുകാട്ടുന്നതാകരുതു. സൃഷ്ടിതാവ് അവന്റെ വേല ഇന്നും തുടർന്ന് കൊണ്ടേയിരിക്കുന്നു. ആ മഹത്വത്തെ തിരിച്ചറിയാനുള്ള വിവേകം നമുക്ക് നഷ്ടമായോ എന്നതാകട്ടെ നമ്മുടെ ഈ കാലത്തിലെ വെല്ലുവിളി.

റവ. അലക്സ് പി. ഉമ്മൻ

മധ്യകേരള മഹായിടവക

+919495606615